I/84303/2023

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- ഡോ. ബോണി ജോർജ്ജ്, അസിസ്റ്റൻറ് സർജൻ- പുനർ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇ.എ2- 30/2023/ആ.വ.ഡ തീയതി 13.09.2023

2. ഡോ. ബോണി ജോർജ്ജ് സമർപ്പിച്ച അപേക്ഷ തീയതി 14.09.2023

**ഉത്തരവ് നം. ഇ.എ2 -30/2023/ആ.വ.ഡ തീയതി:19-09-2023**

ശൂന്യവേതനാവധിയിലുള്ള പിജി പഠനത്തിനു ശേഷം അസിസ്റ്റൻറ് സർജനായ ഡോ. ബോണി ജോർജ്ജ് ന് (പെൻ. 918558) പരാമർശം(1) ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ കുറ്റിയാടി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമനം നൽകിയിരുന്നു. പരാമർശം (2) അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ. ബോണി ജോർജ്ജ് നെ കൊല്ലം ജില്ലാ ആശുപത്രിയിൽ അസിസ്റ്റൻറ് സർജൻ തസ്തികയിൽ പുനർ നിയമിച്ച് ഉത്തരവാകുന്നു.

ഡോ. ബോണി ജോർജ്ജ്, 21.09.2023 തീയതിയിലോ, ആയതിനുമുൻപോ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. 09.06.2022 തീയതിയിലെ ധനകാര്യ വകുപ്പിൻറെ സർക്കുലർ നം.44/2022 പ്രകാരം പി ജി പഠനശേഷം ജോലിയിൽ നിന്നും വിട്ടുനിന്ന കാലയളവ് അർഹപ്പെട്ട അവധിയായി/ ശൂന്യവേതന അവധിയായി പരിഗണിക്കേണ്ടതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

മേൽ പരാമർശിത ഉത്തരവ് ഈ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

Signed by Dr. Jayasree V
Date: 19-09-2023 15:32:54
Reason: Approved

ആരോഗ്യവകുപ്പ് ഡയറക്ടർ(i/c)

സ്വീകർത്താവ്: ഡോ. ബോണി ജോർജ്ജ്, റാണി ഭവൻ, മങ്ങാട്.പി.ഒ, കൊല്ലം

പകർപ്പ് :

1. ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം), കോഴിക്കോട്/ കൊല്ലം
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട സൂപ്രണ്ടുമാർ/ മെഡിക്കൽ ആഫീസർമാർ
4. ഫയൽ/ കരുതൽ ഫയൽ

I/84303/2023